പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3802 — 12.12.2018-ൽ മറുപടിക്ക്

ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വാഹന ദുരുപയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് മുൻ കളക്ടർ ആയിരുന്ന ശ്രീ.എൻ. പ്രശാന്തിനെതിരെ 19 ലക്ഷം രൂപ പിഴ ചുമത്തി ധന വകുപ്പിന്റെ റിപ്പോർട്ട് ലഭി ച്ചിട്ടുണ്ടോ; | (എ) | ആർ.എം.എഫ് ഫണ്ട് ഉപയോഗിച്ച് വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് കോഴിക്കോട് കളക്ടേറ്റിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. |
| (ബി) | മേൽ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | ഐ.എ.എസ്. ഉദ്യോഗസ്ഥർ ഇത്തരം റിപ്പോർട്ടിൻമേലുള്ള തുടർനടപടികൾ അട്ടിമറിക്കു ന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ധനവകുപ്പ് നൽകുന്ന ഇത്തരം റിപ്പോർട്ടുകൾ പതിനാല് ദിവസങ്ങൾക്കകം നടപ്പാ ക്കണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ മേൽ റിപ്പോർട്ട് നടപ്പിലാക്കാതി രിക്കുന്ന ഉദ്യോഗസ്ഥർ ക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ഡി) | റിപ്പോർട്ടിന്മേൽ തുടർനടപടി സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഇ) | ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വാഹന ദുരുപയോഗവും മറ്റും തടയുന്നതിന് ഇത്തരം കാര്യ ങ്ങളിൽ ധനവകുപ്പ് നൽകുന്ന റിപ്പോർട്ടുകൾ മന്ത്രിമാർ നേരിട്ട് പരിശോധിക്കുന്ന തരത്തിൽ ചട്ടങ്ങൾ രൂപീകരിക്കുമോ; | (ഇ) | പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (എഫ്) | ഐ.എ.എസ്. ഉദ്യോഗസ്ഥർ ഗൂഢാലോചന നടത്തി പിഴ പൂർണ്ണമായും ഒഴിവാക്കുന്ന രീതിയിൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Nizam

സെക്ഷൻ ഓഫീസർ